LIBRARY ARCHIVES Kerala Legislative Assembly

തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി വിവിധ പദ്ധതികൾ

64 [3072] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഏതെല്ലാം ബഡ്ജറ്റിലൂടെ എന്തെല്ലാം പദ്ധതികളും പരിപാടികളും പ്രഖ്യാപിക്കുകയുണ്ടായി;

(ബി) ഈ പദ്ധതികളുടെയും പരിപാടികളുടേയും ഭാഗമായി പുതുതായി എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിയും എന്നായിരുന്നു പ്രതീക്ഷിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനകം ഏതെല്ലാം പദ്ധതികളും പരിപാടികളും വഴി സംസ്ഥാനത്ത് പുതുതായി എത്ര പേർക്ക് തൊഴിൽ നൽകുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2002-2003-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ സ്ഥായിയായ തൊഴിൽ വസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തി അഞ്ചു വർഷംകൊണ്ട് 5 ലക്ഷം പേർക്ക് തൊഴിൽ നൽകാനാവുന്ന വിധം തൊഴിലധിഷ്ഠിത വൈദഗ്ദ്ധ്യം വികസിപ്പിക്കുന്നതിന് തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങളും മറ്റ് സംവിധാനങ്ങളും ലഭ്യമാക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനും വിവിധ തൊഴിൽദാന പദ്ധതികൾ സംയോജിപ്പിച്ച് പരമാവധി പ്രയോജനം നേടുവാനുമുള്ള നടപടികൾക്കായി 201 കോടി രൂപ നീക്കിവയ്ക്കുന്നതായി പ്രസ്താവിച്ചിരുന്നു. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്വയംതൊഴിൽ പദ്ധതിക്കായി (കെസ്റു) 2002-2003 വർഷത്തിൽ 99 ലക്ഷം രൂപയും 2003-2004 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപയും 2004-2005 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായി.

(ബി ആന്റ് സി) ഇതു സംബന്ധിച്ച കൃത്യമായ കണക്കുകൾ നിജപ്പെടുത്തിയിട്ടില്ല.

തൊഴിലില്ലായ്മ വേതനം ലഭിക്കുന്നവർക്ക് തൊഴിൽ നൽകാൻ നടപടി

65 [3073] ശ്രീ. സി. പി. മുഹമ്മദ്:
,, വി. ജെ. പൗലോസ്:
,, എം. കെ. പോൾസൺ മാസ്റ്റർ:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലായ്മവേതനം ലഭിക്കുന്നവരിൽ 30 വയസ്സിനുമേൽ പ്രായമുള്ളവരെത്രയാണ്;